ഉത്തരം

(എ) മുതൽ (സി) വരെ 31-3-2002 മുതൽ 30-9-2005 വരെയുള്ള കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ നിന്നും 561.73 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. ഈ കാലയളവിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 619.16 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. പിരിച്ചെടുത്ത കുടിശ്ശികയെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. 25 ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശികയുള്ളവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡ് വിഭജനവും ശമ്പള പരിഷ്കരണവും

92 [391] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ മൂന്ന് മേഖലകളായി തിരിക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായി;

(ബി) ഇങ്ങനെ ചെയ്യുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്;

(സി) വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്കരണം എന്നുമുതലാണ് കൊടുക്കേണ്ടത്;

(ഡി) ശമ്പള പരിഷ്കരണം നടത്തിയിട്ട് എത്ര കൊല്ലമായി?

ഉത്തരം

(എ)-യും (ബി)-യും 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് സെക്ഷൻ 5 അനുസരിച്ചാണ് ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചത്. ഇലക്ട്രിസിറ്റി ആക്ട് 2003 നിലവിൽ വന്നതോടുകൂടി 1948-ലെ സപ്ലൈ ആക്ട് നിലവിലില്ലാതായി. ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 172 (എ) പ്രകാരം വൈദ്യുതി ബോർഡുകൾക്ക് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ലൈസൻസിയും ആയി ഒരു വർഷത്തേക്കോ അതിനു ശേഷം സെൻട്രൽ ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റും പരസ്പര ധാരണയിൽ നിശ്ചിച്ച കാലയളവുവരെയോ തുടരുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ 9-6-2006 വരെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയും ലൈസൻസിയും ആയി തുടരുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ഡി) വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്കരണം അവസാനമായി നടന്നത് 11-8-2000-ലാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(392), (393) എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly